/73880/2022

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി. ഐ എ എസ്)

വിഷയം:- വനിത ശിശുവികസന വകുപ്പ് – സൈക്കോസോഷ്യൽ കൗൺസിലർ മാരുടെ ത്രൈമാസ റിവ്യൂ മീറ്റിംഗ് - ക്ലാസ്സ് എടുക്കുന്നവർക്കുള്ള ഓണറെറിയം- തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ. (സാധാ) നം. 407/2022/WCDD, തീയതി : 07.09.2022.
2. വനിതാ ശിശു വികസന ഡയറക്ടറുടെ 14.10.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
3. വനിതാ ശിശു വികസന ഡയറക്ടറുടെ 17.09.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 533/2022/WCDD, തീയതി. 14.12.2022.

**ഉത്തരവ് നം. DWCD/1217/2022-ICDSA6 തീയതി: 29-12-2022**

സൈക്കോസോഷ്യൽ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ റിവ്യൂ മീറ്റിംഗ് നടത്തുന്നതിനു പരാമർശം (1, 2) പ്രകാരം അനുമതിയും ഫണ്ടും അനുവദിച്ചിരുന്നു. പരാമർശം (3) പ്രകാരം റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങളും നൽകിയിരുന്നു. ആയതുപ്രകാരം സ്കൂൾ കൗൺസിലർമാരുടെ അവലോകന യോഗത്തിൽ വിദഗ്ധരെകൊണ്ട് നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ ക്ലാസ്സ് എടുക്കുന്നതിനു നിർദേശിച്ചിരുന്നു. പരാമർശം (4) പ്രകാരം ക്ലാസ്സ് എടുക്കുന്നവർക്ക് ഹോണറെറിയം നല്കുന്നതിലേയ്ക്കാവശ്യമായ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്കൂൾ കൗൺസിലർമാരുടെ അവലോകന യോഗത്തിൽ കൗൺസിലർമാരുടെ കപ്പാസിറ്റി ബിൽഡിംഗ് ന്റെ ഭാഗമായി വിദഗ്ധരെകൊണ്ട് നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ ക്ലാസ്സ് എടുക്കുന്നതിനു ഒരു ജില്ലയ്ക്ക് മൂന്നു ക്വാർട്ടറുകൾക്കായി പരമാവധി 3000/- രൂപ ക്രമത്തിൽ 14 ജില്ലകൾക്കു 42,000/- രൂപ (നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക അതതു ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് BAMS മുഖേന കൈമാറേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക നടപ്പുസാമ്പത്തിക വർഷത്തെ 2235-02-102-62-01-34(03) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

തുക ചിലവഴിച്ച ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ്, expenditure സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
2 സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
3 സ്റ്റോക്ക് ഫയൽ / സ്പെയർ.

Signed by Priyanka G
Date: 29-12-2022 22:41:29